# പതിമൂന്നാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം : 6693 | 12.07.2012-ൽ മറുപടിയ്ക്ക്

<u>ഭൂമിക്കൊരു കുട പദ്ധതി</u>

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ഡൊമിനിക് പ്രസന്റേഷൻ<br>,, കെ. ശിവദാസൻ നായർ<br>,, ജോസഫ് വാഴക്കൻ | | ശ്രീ.കെ.ബി.ഗണേഷ് കുമാർ (വനവും സ്പോർട്ട്സും സിനിമയും വകുപ്പ് മന്ത്രി) | |
| എ) | ഭൂമിക്കൊരു കുട പദ്ധതിക്ക് തുടക്കമിട്ടിട്ടുണ്ടോ ; വിശദമാക്കുമോ ; | എ) | കേരള വനം വകുപ്പും, മലയാള മനോരമയും സംയുക്തമായി നടപ്പിലാക്കിയ പദ്ധതിയാണ് ഭൂമിക്കൊരു കുട. |
| ബി) | ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങളും പ്രവർത്തനരീതിയും വിശദമാക്കുമോ ; | ബി) | ആഗോള താപനം ചെറുക്കുന്നതിനായി വനേതര ഭൂമിയിലെ വൃക്ഷാവരണം വർദ്ധിപ്പിക്കുക, കുട്ടികൾക്കും പൊതുജനങ്ങൾക്കും തൈ നടീലിന്റേയും പ്രകൃതി സംരക്ഷണത്തിന്റേയും മണ്ണ്-ജല സംരക്ഷണത്തിന്റേയും വൃക്ഷ സമ്പത്ത് കാത്ത് സൂക്ഷിക്കുന്നതിന്റേയും ആവശ്യകതകൾ മനസ്സിലാക്കികൊടുക്കുന്നതിനുള്ള ബോധവത്കരണം മലയാള മനോരമ പത്രം വഴി നടത്തുക എന്നിവയാണ് ഈ പദ്ധതിയുടെ ഉദ്ദേശ ലക്ഷ്യങ്ങൾ. വനം വകുപ്പ് ഉൽപ്പാദിപ്പിച്ച വിവിധ ഇനം വൃക്ഷ തൈകൾ നട്ടുപിടിപ്പിക്കുന്നതിനായി പൊതു ജനങ്ങൾക്കും മറ്റ് സ്ഥാപനങ്ങൾക്കും മലയാള മനോരമ വഴിയാണ് തൈ വിതരണം ചെയ്യുന്നത്. |
| സി) | ഏതെല്ലാം ഏജൻസികളുമായി സഹകരിച്ചാണ് ഇത് നടപ്പാക്കുന്നത് ; | സി) | വനം വകുപ്പും, മലയാള മനോരമയും സംയുക്തമായാണ് ഇത് നടപ്പാക്കുന്നത്. |
| ഡി) | എവിടെയൊക്കെയാണ് പ്രസ്തുത പദ്ധതി പ്രാവർത്തികമാക്കാനുദ്ദേശിക്കുന്നത് ? | ഡി) | സംസ്ഥാനത്താകമാനം ഈ പദ്ധതി നടപ്പാക്കുന്നു. |

സെക്ഷൻ ഓഫീസർ